# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3557** **11.12.2018-ൽ മറുപടിയ്ക്ക്**

## ലൈഫ് മിഷൻ അന്തിമ ഗുണഭോക്തൃ പട്ടിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| എ | ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തി അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; | എ | ഉണ്ട് |
| ബി | അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുവാനായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | ബി | ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി 09.02.2017 ലെ 391/17/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കുടുംബശ്രീ മുഖേന സർവ്വേ നടത്തുകയും തുടർന്ന് 31.07.2017 ലെ 151/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുമുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും മൂന്ന് ഘട്ടങ്ങളിലായി ആക്ഷേപങ്ങൾ തീർപ്പാക്കി ഉദ്യോഗസ്ഥതല പരിശോധന നടത്തി അനർഹരെ ഒഴിവാക്കി അന്തിമ പട്ടിക തയ്യാറാക്കുകയും ചെയ്തു. ടി പട്ടിക ഗ്രാമസഭയിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>ലൈഫ് മിഷൻ സർവ്വെയിലൂടെ ഗുണഭോക്താക്കളെ കണ്ടെത്താൻ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിലെ യോഗ്യത മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഭവനരഹിതരായ കുടുംബം<br>2. വാർഷിക വരുമാനം 3 ലക്ഷം രൂപയ്ക്ക് താഴെ<br>3. സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി, പെൻഷൻ എന്നിവർ അംഗങ്ങളായിട്ടുള്ളവർ (അനർഹർ)<br>4. സ്വകാര്യ ആവശ്യത്തിന് 4 ചക്ര വാഹനം ഇല്ലാത്തവർ |

| | | | |
|---|---|---|---|
| | | | 5. ഒരു റേഷൻകാർഡിൽ ഒരു വീട് (റേഷൻകാർഡിലുള്ള ആർക്കെങ്കിലും വീടുള്ള പക്ഷം ടി കുടുംബത്തിലെ ആരും അർഹരല്ല)<br>6. പഞ്ചായത്തിൽ 25 സെന്റും, നഗരത്തിൽ 5 സെന്റിലും താഴെ ഭൂമിയുള്ളവർ |
| **സി** | പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടും കൂടുതൽ അർഹർ പട്ടികയിൽ ഉൾപ്പെടാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | **സി** | ഉണ്ട്. അർഹരെ ഉൾപ്പെടുത്താനായി സപ്ലിമെന്ററി പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ